II.ഇ.ബി. XII-കേരള നിയമസഭ/XI-15

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 13, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

49 (*421) എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ ജില്ലാതല ഭരണസംവിധാനം പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന ആറ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടേതായി ഉയർത്തി ജില്ലാ ഭരണം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ചുമതലയിലാക്കുകയും 14 ജില്ലകളിലും അപ്ഗ്രഡേഷൻ വഴി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ നിയമിക്കുകയും എൻഫോഴ്സ്മെന്റിനുമാത്രമായി എല്ലാ ജില്ലകളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ നിയോഗിക്കുകയും എല്ലാ ജില്ലകളിലും

striking force-ന്റേയും ജില്ലാതല സ്പെഷ്യൽ സ്ക്വാഡിന്റേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും മേജർ ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിലാക്കുകയും 11 പുതിയ റെയ്ഞ്ചുകൾ അനുവദിക്കുകയും 278 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പത്തുവർഷമായി മുടങ്ങിക്കിടന്നിരുന്ന ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടി പുനരാരംഭിക്കുകയും 308 പേർക്ക് ആയുധ പരിശീലനം നൽകുകയും 95 ജീപ്പുകളും 30 മോട്ടോർ ബൈക്കുകളും പുതുതായി വാങ്ങുകയും 274 വനിതാ ഗാർഡുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 110 പിസ്റ്റളുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ നൽകുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ടെന്നും ഇന്റർ ഡിവിഷൻ പെർമിറ്റ് ഉപയോഗിച്ച് പാലക്കാടുനിന്നും കൊണ്ടുവരുന്ന കള്ള് പരിശോധനയ്ക്കായി കുമ്പഴയിൽ പ്രത്യേക ചെക്ക്പോസ്റ്റ് സ്ഥാപിക്കുകയും പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ Surveillance post-കൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എറണാകുളം റെയിൽവേ സ്റ്റേഷനിൽ Surveillance post പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചെക്ക്പോസ്റ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്കാനർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽക്കൂടിയുള്ള വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതിനാവശ്യമായ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെയും ചെക്ക് പോസ്റ്റുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനെയുംകുറിച്ച് ആലോചിക്കുന്നതുമാണ്. വ്യാജമദ്യ

നിർമ്മാണവും വിൽപ്പനയും തടയുന്നതിന് എക്സൈസ്, ഫോറസ്റ്റ്, റവന്യു, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടും ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടുംകൂടി എൻഫോഴ്സ്മെന്റ് നടപടി ത്വരിതപ്പെടുത്തുന്നതാണ്. അബ്കാരി നിയമം പരിഷ്ക്കരിക്കുന്നതിനു നിയമിച്ച കമ്മിറ്റിയുടെ ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈക്കോടതി ഉത്തരവ് പ്രകാരം ബിവറേജസ് കോർപ്പറേഷനിലെ സ്ഥിരം ഒഴിവുകൾ പി.എസ്.സി.വഴിയും താൽക്കാലിക ഒഴിവുകൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുമാണ് നടത്തുന്നത്. ചാരായ നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് ജോലി നഷ്ടമായ തൊഴിലാളികളിൽ 265 പേർക്ക് കോടതി വിധിയെ തുടർന്ന് നിയമനം നൽകിയിട്ടുണ്ട്. തൃശ്ശൂരിലെ എക്സൈസ് അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാക്കാൻ കഴിയും. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ലെങ്കിലും അവിടെ നിരവധി ബാച്ചുകളിലായി 1900-ഓളം ജീവനക്കാർക്ക് പരിശീലനം കൊടുത്തുകഴിഞ്ഞു. ചിറ്റൂരിലെ ചെക്ക്പോസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. നിലവിലുള്ള ബോധവൽക്കരണ പരിപാടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കടൽവഴിയുള്ള സ്പിരിറ്റ് കടത്ത് ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ടെന്നും പാറശ്ശാല കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ചാഫീസ് തുടങ്ങുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*422) <u>ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഫാക്ടറി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ 4 ഡോക്ടർമാരും 4 കെമിക്കൽ ഇൻസ്പെക്ടർമാരും ഒരു കെമിസ്റ്റും ഉൾപ്പെടുന്ന ആരോഗ്യ സുരക്ഷിതത്വ ഉപദേശക വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്നും അപകട സാദ്ധ്യതയുള്ള ഉൽപ്പാദന പ്രക്രിയകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികളെ ഡോക്ടർമാർ വൈദ്യ പരിശോധന നടത്തുകയും അവരുടെ ഹെൽത്ത് രജിസ്റ്റർ പരിശോധിക്കുകയും ചെയ്യുമ്പോൾ ഏതെങ്കിലും തൊഴിലാളിക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ആ തൊഴിലാളിയെ വിദഗ്ദ്ധ പരിശോധനയ്ക്ക് റഫർ ചെയ്യുകയും ആ സെക്ഷനിൽനിന്നും മാറ്റി നിറുത്തുന്നതിനുള്ള ഉപദേശം ഫാക്ടറി മാനേജ്മെന്റിന് നൽകുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതലുകൾ ഫാക്ടറികളിൽ ഏർപ്പെടുത്തണമെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഫാക്ടറി മാനേജ്മെന്റിന് നിർദ്ദേശം നൽകുകയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടർമാർ, മെഡിക്കൽ ഓഫീസർമാർ, കെമിക്കൽ ഇൻസ്പെക്ടർമാർ എന്നിവർ ഫാക്ടറികളിൽ കൂടെക്കൂടെ പരിശോധന നടത്തുകയും വകുപ്പിലെ ഉദ്യോഗസ്ഥൻമാർ തൊഴിൽശാലകൾ പരിശോധിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനാവശ്യമായ വിദഗ്ദ്ധോപദേശങ്ങൾ നൽകുകയും ചെയ്യുന്നു.

തൊഴിൽജന്യ രോഗങ്ങളെ സംബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് സർവ്വേകൾ നടത്തിവരുന്നു. കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വ പ്രശ്നങ്ങളെപ്പറ്റി ഒരു പ്രാരംഭ മാതൃക പഠനം ആലപ്പുഴ ജില്ലയിൽ നടത്തുകയുണ്ടായി. കശുവണ്ടി മേഖലയിലും മെറ്റൽ ക്രഷർ, പ്ലൈവുഡ് നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ഇതുപോലുള്ള സർവ്വേകൾ നടത്താനും തൊഴിൽജന്യ രോഗങ്ങൾ തടയാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കാനും വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. കെമിക്കൽ ഫാക്ടറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊച്ചിയിൽ ആരംഭിക്കുന്ന കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കുന്നതാണ്. ഇതിനായി പി.ഡബ്ല്യു.ഡി വകുപ്പിന് 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഫാക്ടറികളുടെ സമീപം താമസിക്കുന്ന ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പരിസരവാസികളുടെ ആരോഗ്യം, സുരക്ഷ എന്നീ കാര്യങ്ങൾ പരിരക്ഷിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ഫാക്ടറി മാനേജ്മെന്റിന് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് നൽകിവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിലും പീലീംഗ് മേഖലയിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരേയും അനദ്ധ്യാപകരേയും സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന നഴ്സുമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. സ്റ്റേറ്റിലാകെ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ ഒരു

പദ്ധതിയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽശാലകളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ പരമാവധി വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് പരിശ്രമിക്കുന്നതാണ്. അപകടകരമായ തൊഴിൽ സാഹചര്യങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുമെന്നും ഫാക്ടറി ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ക്രഷർ യൂണിറ്റുകൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾ ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഗൗരവപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ടെക്സ്റ്റൈൽ മില്ലുകളിലേയും സ്പിന്നിംഗ് മില്ലുകളിലേയും തൊഴിലാളികളുടെ സംരക്ഷണത്തിനും ആരോഗ്യ പരിരക്ഷയ്ക്കും ആവശ്യമായ ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണെന്നും അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

51(*423) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിന് നടപടികൾ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും കോർപ്പസ് ഫണ്ട് അധിക കേന്ദ്ര സഹായം (എ.സി.എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഗ്രാന്റ്-ഇൻ-എയ്ഡ്, എം.പി/എം.

എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ചും ഗ്രാമീണ വൈദ്യുതീകരണം, അനർട്ട്, സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേന വൈദ്യതിയും കോർപ്പസ് ഫണ്ട്, അധിക കേന്ദ്ര സഹായം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഗ്രാന്റ് ഇൻ-എയ്ഡ്, എം.പി./എം.എൽ.എ എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (എ.ആർ.പി), ജപ്പാൻ കുടിവെള്ള പദ്ധതി, നബാർഡ് വായ്പ കൊണ്ട് നടപ്പിലാക്കുന്ന പദ്ധതി, അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) തുടങ്ങിയ പദ്ധതികൾ വഴി കുടിവെള്ളവും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. . സംസ്ഥാനത്ത് 1439 പട്ടികജാതി കോളനികളിലും 1305 പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതിയും 1692 പട്ടികജാതി കോളനികളിലും 1265 പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളവും ലഭ്യമാക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1116 പട്ടികജാതി കോളനികളും 199 പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. 1467 പട്ടികജാതി കോളനികളിലും 63 പട്ടികവർഗ്ഗ സങ്കേതങ്ങളിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവ വിനിയോഗിച്ചും റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രോഗ്രാം, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ എന്നിവ മുഖേനയും ശേഷിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ രണ്ടുവർഷം കൊണ്ട് വൈദ്യുതി ലഭ്യമാക്കുന്നതാണ്. ഈ വർഷം എ.സി.എ പദ്ധതിയിൽ ഉൾപ്പെടുത്തി 138 കോളനികളിൽ കുടിവെള്ളം എത്തിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുകൂ

ടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവ വിനിയോഗിച്ചും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (എ.ആർ. പി.), ജപ്പാൻ കുടിവെള്ള പദ്ധതി, നബാർഡ് വായ്പ കൊണ്ട് നടപ്പിലാക്കുന്ന പദ്ധതി, അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) എന്നിവ മുഖേനയും 2 വർഷം കൊണ്ട് അവശേഷിക്കുന്ന എല്ലാ കോളനികളിലും കുടിവള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഉരുപ്പുംകുറ്റി, തുടിമരം എന്നീ കോളനികളിലും പെരിങ്ങൽകുത്ത്, ഷോളയാർ എന്നീ പദ്ധതി പ്രദേശങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. മലയോര പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ലഭ്യമാകുന്ന തുക അപര്യാപ്തമായതിനാൽ ഇത് ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വനമേഖലയിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നതിന് നേരിടുന്ന തടസ്സം ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ മന്ത്രി അറിയിച്ചു. ഒരു ഹെക്ടർ വരെയുള്ള ഭൂമി കുടിവെള്ള - വെദ്യുത പദ്ധതികൾക്കും അംഗൻവാടി, ആശുപത്രി എന്നിവയ്ക്കുമായി നൽകുന്നതിന് ഊരുകൂട്ടം പ്രമേയം പാസ്സാക്കിക്കൊടുത്താൽ റേഞ്ച് ഓഫീസർമാർക്ക് അനുമതി നൽകാവുന്നതാണെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3385 മുതൽ 3588 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)